മഹമ്മദിന്റെ ചായക്കടയിൽ അടുത്ത ആഴ്ചയിലൊരു ദിവസം ഒത്തുചേർന്ന സ്വാമിദാസും ഉത്രപ്പും മത്തായിയും നളിനാക്ഷനും നാണിയും മററും, രാത്രി നടന്ന ദാരുണമായ ഇരട്ടക്കൊലപാതകത്തെക്കുറിച്ചുള്ള ചർച്ച തുടർന്നപ്പോൾ, ആ സംഭവത്തെപ്പററി അവരുടെയും മററ് അയൽക്കാരുടെയും അനുഭവങ്ങൾക്കു പുറമേ നാലു ദിനപ്പത്രങ്ങളിലെ റിപ്പോർട്ടുകളും ഒമ്പതു വാരികകളിലെ ഫീച്ചറുകളും അവരുടെ മുമ്പിലുണ്ടായിരുന്നു. തങ്ങളുടെ ചിത്രം ഏററവും ഭംഗിയായി അച്ചടിച്ചുവന്നത് ഏതു വാരികകളിലാണ് എന്ന തർക്കത്തിനും അവർ പരിഹാരം കണ്ടെത്തിയിരുന്നു. ചർച്ച കൊഴുത്തു എന്ന കാര്യത്തിൽ സംശയമുണ്ടോ ഇനിയും?

(2 മാർച്ച്, 1984)

## 75. ശംഖലിപി

ലക്നോയിലെ സ്റ്റേററ് മ്യൂസിയത്തിൽ കരുതലായി ശേഖരിച്ചിട്ടുള്ള പ്രദർശനവസ്തുക്കൾക്കിടയിൽ കരിങ്കല്ലുകൊണ്ടു നിർമിച്ച ഒരു വലിയ കുതിരയുണ്ട്. പീഠത്തിൽ നിർത്തിയാൽ അതിന് ഏഴടി ഉയരം കാണും. ഉത്തരപ്രദേശിലെ ഖേരി ജില്ലയിൽ ഉള്ള ഖൈരിഗഡ് എന്ന പഴയ കോട്ടയിൽ, മണ്ണിനടിയിൽനിന്ന് ഏകദേശം നൂറു വർഷംമുമ്പു കണ്ടുകിട്ടിയതാണ് ഈ ശില്പം. സമുദ്രഗുപ്തചക്രവർത്തി അശ്വമേധയാഗത്തിൽ ബലികഴിച്ച കുതിരയുടെ പ്രതിരൂപമാണതെന്നു ചരിത്രകാരനായ വിൻസന്റ് സ്മിത്ത് 1893–ൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ട്.

ഈ കൽക്കുതിരയുടെ പുറത്ത്, ശംഖലിപിയിൽ എഴുതിയ, ഹ്രസ്വമെങ്കിലും മനോഹരമായ, ഒരു ആലേഖം ഉള്ളതായി 1951–52–ലെ പുരാലേഖ വാർഷികറിപ്പോർട്ടിൽ (ആനുവൽ റിപ്പോർട്ട് ഓഫ് ഇന്ത്യൻ എപ്പിഗ്രാഫി) പറയുന്നു. കുതിരയുടെ വാലിൽനിന്നു തുടങ്ങി, തോളിൽ വെച്ച് അതിന്റെ കഴുത്ത് താഴോട്ടു വളയുന്ന ഇടംവരെ, പുറത്തുകൂടെ ഈ ലിഖിതം നീണ്ടുകിടക്കുന്നു.

ഈ ആലേഖത്തിൽ ഉപയോഗിച്ചിട്ടുള്ള അത്യലംകൃതമായ ലിപിക്ക് 'ശംഖലിപി' എന്ന പേർ നൽകിയത് ബ്രാഹ്മലിപിയും ഖരോഷ്ഠിലിപിയും വായിക്കുകവഴി പ്രാചീന ഭാരതചരിത്രത്തിലേക്കു സൂര്യപ്രകാശം എത്തിച്ച ജയിംസ് പ്രിൻസെപ് ആണ്. 1837–ാം ആണ്ടിലാണ് പ്രിൻസെപ് അശോകന്റെ ബ്രാഹ്മീലിപിയിലുള്ള ഒരു ശിലാലേഖത്തിലെ 'ദേവാനാംപിയേപിയദസീലാജാഹേവം ആഹ' എന്നീ വാക്കുകൾ വായിച്ചത്. ദേവന്മാർക്കു പ്രിയപ്പെട്ടവനും പ്രിയദർശിയുമായ അശോകചക്രവർത്തി അന്നുമുതൽ തന്റെ ശിലാലേഖങ്ങളിലൂടെ നമ്മോടു നേരിട്ടു സംസാരിച്ചുതുടങ്ങി. അതിന് ഒരു കൊല്ലം മുമ്പ് 1836–ാമാണ്ടിൽ, ഉത്തരപ്രദേശിലെ ഉത്തരകാശി ജില്ലയിൽ ബരാഹാത് എന്ന സ്ഥലത്തുനിന്നു കിട്ടിയ ഓട്ടുകൊണ്ടുള്ള ഒരു ത്രിശൂലത്തിന്റെ പിടിയിൽ വായിക്കാൻ കഴിയാത്ത ഏതോ ലിപിയിൽ എഴുതിയ ഒരു ആലേഖം പ്രിൻസെപ് കണ്ടെത്തി. ഇത്തരം രണ്ടു ഹ്രസ്വലിഖിതങ്ങൾ അടുത്ത ആണ്ടിൽ വീണ്ടും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു.

'വരിയായി കോറിയ ഭംഗിയില്ലാത്ത ശംഖുകളുടെ ചിത്രങ്ങൾ' പോലെയാണ് ഈ ലിഖിതങ്ങൾ പ്രിൻസെപിനു തോന്നിയത്. ക്രമബദ്ധമായ ഒരു ലിപിമാല അവയിലുണ്ടോ എന്നുപോലും അദ്ദേഹത്തിനു സംശയമായിരുന്നു. എന്നാൽ, പിന്നീട് കണ്ണിങ്ഹാം, ബേഗ്




ലർ, സർക്കാർ, ഷാമ്പ്ഹ, സലോമോൻ മുതലായവർ നടത്തിയ പഠനങ്ങളിൽനിന്ന് ആ ലിഖിതങ്ങൾ പ്രത്യേകതരം ലിപിയിൽ എഴുതപ്പെട്ടവതന്നെ എന്നു വ്യക്തമായി. ആ ലിപിക്ക് പ്രിൻസെപ് നൽകിയ 'ശംഖലിപി' എന്ന പേർ ഈ പില്ക്കാലഗവേഷകരും സ്വീകരിച്ചു. ജമ്മു—കാശ്മീരിലെ അഖ്നൗർ മുതൽ കർണാടകംവരെയും, ബംഗാളിലെ സുസുനിയ മുതൽ ഗുജറാത്തിലെ ജൂനാഗഢ്‌വരെയും ഉള്ള വിശാലമായ ഭൂപ്രദേശത്തുനിന്ന് ഈ ലിപിയിലുള്ള ലിഖിതങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ഇന്ത്യക്കു പുറത്ത് ഇൻഡോനേഷ്യയിലും ഈ ലിപി പ്രചരിച്ചിരുന്നു. പാറകളിൽ കഴിച്ചെടുത്ത ഗുഹകൾ, കരിങ്കൽപ്പലകകൾ, കെട്ടിടങ്ങളുടെ ചുവരുകൾ, സ്തംഭങ്ങൾ, കോണിപ്പടികൾ, പ്രതിമകൾ, മുദ്രകൾ മുതലായവയിൽ ചെറുലിഖിതങ്ങളിലാണ് ഈ ലിപി മുഖ്യമായും ഉപയോഗിച്ചിട്ടുള്ളത്. ക്രിസ്തുവർഷം പത്താം നൂററാണ്ടുവരെയും ഈ ലിപിയിൽ ലിഖിതങ്ങൾ എഴുതപ്പെട്ടുവന്നു. പ്രാചീനഭാരതത്തിലെ പ്രധാന ലിപിയായിരുന്ന ബ്രാഹ്മിയുമായി ശംഖലിപിക്കു ബന്ധമുണ്ടാവാമെന്നു ചില പ്രാചീന ലിപിവിദഗ്ദ്ധർ ഊഹിച്ചിരുന്നു. ബ്രാഹ്മിയോളമില്ലെങ്കിലും, പ്രാചീന ഭാരത ചരിത്രപഠനത്തിൽ നിസ്തുലമായ സ്ഥാനം ശംഖലിപിക്ക് ഉണ്ടെന്നു വ്യക്തമായിരുന്നു. എങ്കിലും, 1983 മാർച്ച്മാസംവരെ ശംഖലിപി വായിക്കുവാനുള്ള എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടിരുന്നതേയുള്ളു.

കൽക്കട്ട സർവകലാശാലയിൽ പ്രാചീന ഭാരത ചരിത്രസംസ്കാര—പ്രൊഫസർ ആയ ഡോ. ബി. എൻ. മുഖർജിയാണു തികച്ചും അപ്രതീക്ഷിതമായി ശംഖലിപിയുടെ രഹസ്യം അനാവരണംചെയ്തത്. ഡോക്ടർ മുഖർജി ഏതാനും പ്രസംഗങ്ങൾ ചെയ്യുന്നതിനായി ലക്നോയിൽ ചെന്നതായിരുന്നു. 1983 മാർച്ച് 10—ാം തീയതി രാവിലെ അദ്ദേഹം മ്യൂസിയത്തിലെ കരുതൽശേഖരങ്ങളുടെ കൂട്ടത്തിൽ, ഈ ലേഖനത്തിന്റെ ആരംഭത്തിൽ പ്രസ്താവിച്ച കുതിരയുടെ പ്രതിമ നോക്കി നില്ക്കുകയായിരുന്നു. അതിന്റെ പുറത്തുള്ളതും, കുതിരയുടെ രൂപവുമായി സർവഥാ ഇണങ്ങിപ്പോകുന്നതുമായ സുന്ദരലിഖിതം ഡോ. മുഖർജിയുടെ ശ്രദ്ധ ആകർഷിച്ചു. ഒരു സ്റ്റൂളിൽ കയറി, ചാഞ്ഞും ചെരിഞ്ഞും നിന്ന്, അദ്ദേഹം ആ ലിഖിതത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അതാ, ബ്രാഹ്മിയിലെ രേഫചിഹ്നവും വള്ളിയും! നമ്മുടെ ലിപികളിൽ ഇപ്പോഴും നാം ചെയ്തുവരുന്നതുപോലെ, സ്വരചിഹ്നങ്ങളും അന്തസ്ഥ (യരലവ) ചിഹ്നങ്ങളും വ്യഞ്ജനലിപി ചിഹ്നങ്ങളുടെ മുകളിലും ചുവ

ട്ടിലുമായി ചേർക്കുന്ന പതിവ് ബ്രാഹ്മി—ഖരോഷ്ഠി ലിപികളിലുള്ളതു് ഡോ. മുഖർജി അനുസ്മരിച്ചു. ഈ അശ്വപ്രതിമ ലഭിച്ചതു് ഖരോഷ്ഠി പ്രചരിച്ചിരുന്ന പ്രദേശത്തുനിന്നല്ല. ബ്രാഹ്മിലിപി പ്രചരിച്ചിരുന്ന പ്രദേശത്തുനിന്നാണ്. അതിനാൽ, അതിലെ ലിപികൾക്കു സാമ്യം കാണേണ്ടതു് ബ്രാഹ്മിലിപിയോടാണ്. ബ്രാഹ്മി ലിപിയിൽ കൂടുതൽ അലങ്കാരങ്ങൾ ചേർത്താൽ, അതിലെ വാലും തലയും വളച്ചു നീട്ടിയാൽ, അതു രായസമട്ടിൽ എഴുതിയാൽ, ശംഖലിപി ആവുമോ? ഈ വീക്ഷണത്തോടെ ലിഖിതം പരിശോധിച്ചപ്പോൾ, അതിന്റെ ആരംഭത്തിൽ (ഇടത്തെ അററത്തു്) 'ശ്രീ' എന്ന അക്ഷരം വായിക്കാൻ ഡോ. മുഖർജിക്കു കഴിഞ്ഞു. ലിപികളിൽ ഇങ്ങനെ അലങ്കാരങ്ങൾ ചേർക്കുന്ന സമ്പ്രദായം എന്നുമുണ്ടായിരുന്നു. പഴയ ഗ്രീക്കുകാർ അങ്ങനെ ചെയ്തിരുന്നു. ഇംഗ്ലീഷിലെ 'ഖണ്ഡികകളുടെ തുടക്കത്തിലുള്ള വലിയ അക്ഷരങ്ങൾ വാലും തലയും നീട്ടി അലങ്കരിക്കുന്ന പതിവു് അടുത്ത കാലംവരെ നിലവിലിരുന്നതാണല്ലോ.

ചെരിഞ്ഞും മറിഞ്ഞും കിടന്ന ചില അക്ഷരങ്ങളെ കുത്തനെ നിർത്തുകയും, അവയിലെ അലങ്കാരരേഖകൾ ഒരളവോളം മുറിച്ചുനീക്കുകയും ചെയ്താൽ, ഈ ലിഖിതത്തെ 'ശ്രീമഹേന്ദ്രാദിത്യ' എന്നു വായിക്കാമെന്നു് ഡോ. മുഖർജി അത്ഭുതത്തോടെ കണ്ടെത്തി. ഗുപ്തകാല ബ്രാഹ്മി ലിപിയുടെ അലങ്കൃതരൂപമാണ് ഈ ലിപിയെന്നു് അദ്ദേഹത്തിനു സ്പഷ്ടമായി; അതിലെ ഭാഷ സംസ്കൃതമാണെന്നും. ഇംഗ്ലീഷ് എഴുതുമ്പോഴെന്നപോലെ, ലിപികൾ പരസ്പരം ചേർത്താണ് ഈ ലിഖിതത്തിൽ എഴുതിയിരുന്നതു്. അതിന്റെ പോക്കു് ഇടത്തുനിന്നു വലത്തോട്ടാണ്. 'മഹേന്ദ്രാദിത്യൻ' എന്ന ബിരുദത്തോടെ ക്രിസ്തുവർഷം **414—15** മുതൽ 455—56 വരെ നാടുവാണ പ്രഥമ കുമാരഗുപ്തന്റെ അശ്വമേധത്തിൽ ബലികഴിക്കപ്പെട്ട കുതിരയുടെ പ്രതിമയാണ് ഈ ശിലാശ്വമെന്ന കാര്യത്തിൽ ഡോ. മുഖർജിക്കു പിന്നെ സംശയമൊന്നും ഉണ്ടായിരുന്നില്ല.

അന്നു വൈകുന്നേരം ലക്നോ മ്യൂസിയത്തിലെ ഡയറക്ടർ ഡോ. ആർ. ഡി. ശർമ്മയുമൊന്നിച്ചു് ഡോ. മുഖർജി വീണ്ടും ഈ പ്രതിമ പരിശോധിച്ചു. കുതിരയുടെ കഴുത്തിൽ, ശരിയായ ബ്രാഹ്മി ലിപിയിൽ, മുക്കാലും മാഞ്ഞുപോയ ഒരു ലിഖിതം അവർ കണ്ടെത്തി. മൂന്നു വരികളിലായി എഴുതപ്പെട്ട ഈ ലിഖിതത്തിൽ 'അശ്വോരസ', 'യാജിനോ', 'സ്യ' എന്നിവ അവർക്കു തിരിച്ചറിയാൻ കഴിഞ്ഞു. 'അശ്വോരസ' എന്നതിനു മുഖ്യാശ്വമെന്നും 'യാജിനോ' എന്നതിനു യാഗംചെയ്യുന്നവന്റെ എന്നും അർത്ഥം. സ്വാരസികമാണ്. 'സ്യ' എന്നതു സംസ്കൃതത്തിലെ ഷഷ്ഠീവിഭക്തി; 'ന്റെ' എന്നു് അർത്ഥം. യാഗം ചെയ്ത ഏതോ ഒരാളുടെ മുഖ്യാശ്വത്തിന്റെ പ്രതിമയാണ് അതെന്നു ബ്രാഹ്മി ലിപിയിലുള്ള ആലേഖഖണ്ഡവും വ്യക്തമാക്കി. കുമാരഗുപ്ത മഹേന്ദ്രാദിത്യൻ അശ്വമേധയാഗം നടത്തിയതായി മുമ്പു തന്നെ മനസ്സിലായിട്ടുണ്ട്. ആ നിലയിൽ ശംഖലിപിയിലുള്ള ആലേഖത്തെ 'മഹേന്ദ്രാദിത്യ' എന്നു് ഡോ. മുഖർജി വായിച്ചതു് ശരിയാകാതെ വയ്യ. ശംഖലിപി വായിക്കുന്നതിനുള്ള 'താക്കോൽ' ഇതോടെ കൈവന്നു എന്നതാണ് ഈ 'വായന'യുടെ പ്രാധാന്യം. ഇതേ ശിലാശ്വത്തിന്റെ ഒരു പള്ളയിൽ, ശംഖലിപിയിൽത്തന്നെ, 'വിചൂർണിത ശ്രീപുത്ര' എന്ന മറെറാരു ലിഖിതവും ഡോ. മുഖർജി കണ്ടെത്തി. 'നുറുക്കിയ കോലാടു്' എന്നു് ഈ വാക്കുകൾക്കു് അദ്ദേഹം അർത്ഥം കല്പിച്ചു. ഒരു കോലാടിന്റെ ശരീരപൂർവഭാഗത്തിന്റെ ചിത്രം ഈ ലിഖിതത്തിനടുത്തു് ഉദ്ഭൃതരീതിയിൽ ആലേഖനംചെയ്തിരുന്നു.

അശ്വമേധയാഗത്തിൽ കുതിരയെ ബലികഴിക്കുംമുമ്പ് ഒരു കോലാടിനെ വെട്ടി നുറുക്കേണ്ടതുണ്ട്.

സ്പഷ്ടമായി വായിക്കാവുന്ന ബ്രാഹ്മിലിപി പ്രചാരത്തിലിരിക്കേ ഏറെക്കുറെ നിഗൂഢമായ ശംഖലിപിയിൽ ലിഖിതങ്ങൾ എന്തിന് എഴുതപ്പെട്ടു? ഇതിനു രണ്ടു കാരണങ്ങൾ പറയാം. ഒന്നാമതു ശംഖലിപി ഒരു അലംകൃതലിപിയാണ്. ശില്പങ്ങൾക്ക് ഈ ലിപി ഭംഗി ചേർക്കുന്നതായി കരുതിയിരിക്കാം. രണ്ടാമതു്, ലിഖിതാർത്ഥത്തിനു രഹസ്യാത്മകത നൽകുന്നതിനും ഈ ലിപി ഉപകരിച്ചിരിക്കാം. ദാനരേഖകൾ, ദേവമുദ്രകൾ, വിശുദ്ധവസ്തുക്കൾ, തീർത്ഥാടനസ്ഥലങ്ങൾ മുതലായവയിലാണു ശംഖലിപിയിലുള്ള ആലേഖങ്ങൾ കാണുന്നത്. അവയ്ക്കു മതവുമായുള്ള ബന്ധം സ്പഷ്ടം. മതകാര്യങ്ങളിൽ രഹസ്യാത്മകത അനുപേക്ഷണീയമായി കരുതപ്പെട്ടിരുന്നുതാനും. അറിയാത്തതിനെ ആരാധിക്കുന്നതാണല്ലോ മനുഷ്യപ്രകൃതം.

ഗുപ്തകാലഘട്ടത്തിലുള്ള ശംഖലിപി ലിഖിതങ്ങളിലെ ഭാഷ സംസ്കൃതമാണ്. എന്നാൽ, കുഷാണകാലത്തിലുള്ള ഏതാനും ശംഖലിപിശാസനങ്ങൾ പ്രാകൃതഭാഷയാണ് ഉപയോഗിക്കുന്നതെന്ന് ഡോ. മുഖർജി കരുതുന്നു. ഇതിനർത്ഥം, ക്രിസ്തുവർഷം രണ്ടാം ശതകമാവുമ്പോഴേക്കും ശംഖലിപി പ്രചാരത്തിൽ വന്നിരിക്കണമെന്നാണ്.

ഈ രഹസ്യ–അലംകൃത ലിപിക്ക് 'ശംഖലിപി' എന്ന പേർ കൊടുത്തതു് ജെയിംസ് പ്രിൻസെപ് ആണെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. ഈ ലിപി ഉപയോഗിച്ചിരുന്ന പ്രാചീന ഭാരതീയർ അതിനു നൽകിയിരുന്ന പേരു് എന്താണ്? ക്രിസ്തുവർഷം രണ്ടാം ശതകത്തിനു മുമ്പ് എഴുതപ്പെട്ടതായി വിശ്വസിക്കപ്പെടുന്ന 'ലളിതവിസ്തരം' എന്ന ബൗദ്ധഗ്രന്ഥത്തിൽ, ബ്രാഹ്മി, ഖരോഷ്ഠി എന്നീ ലിപികളോടൊപ്പം 'അവമൂർദ്ധലിപി' എന്നൊരു ലിപിയുടെ പേരു പറഞ്ഞുകാണുന്നു. 'അവമൂർദ്ധം' എന്നാൽ തല ചെരിച്ചതു്, കുനിച്ചതു് എന്നൊക്കെ അർത്ഥം.

ശംഖലിപിയിൽ പല ബ്രാഹ്മിലിപികളെയും ചെരിച്ചും കിടത്തിയും എഴുതിയിരിക്കുന്നതു കാണാനുണ്ട്. അതിനാൽ, ലളിതവിസ്തരത്തിലെ 'അവമൂർദ്ധലിപി' പ്രിൻസെപിന്റെ 'ശംഖലിപി'തന്നെ ആയിരിക്കണം. 'മഹാ വസ്തു അവദാനം' എന്ന ബൗദ്ധഗ്രന്ഥത്തിൽ 'വ്യത്യസ്ത ലിപി' എന്ന പേർ നൽകിയിട്ടുള്ളതും ഇതേ ലിപിയായിരിക്കണം. 'വ്യത്യസ്തം' എന്നതിനു 'മറിച്ചിട്ടതു്' എന്നുകൂടി അർത്ഥമുണ്ട്.

'ശംഖലിപി' വായിക്കാൻ കഴിഞ്ഞുവെന്ന് 1983 മാർച്ച് 12–ാം തീയതി ഡോ. മുഖർജി ലക്നോയിൽ പ്രസ്താവിച്ചു. പിന്നീട് ഈ ലിപിയിലുള്ള ഇരുപതോളം ലിഖിതങ്ങൾ അദ്ദേഹം വായിച്ചിട്ടുണ്ട്. ഈ വിഷയത്തെപ്പററി ലക്നോയിലും കൽക്കട്ടയിലും പടിഞ്ഞാറേ ജർമനിയിലെ ത്യൂബിൻഗെനിലും പണ്ഡിതയോഗങ്ങളിൽ അദ്ദേഹം പ്രസംഗിച്ചിട്ടുമുണ്ട്. കൽക്കട്ടയിലെ ഇന്ത്യൻ മ്യൂസിയത്തിന്റെ ബുള്ളററിനിൽ ഇതു സംബന്ധിച്ചു പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ഡോ. മുഖർജി പറയുന്നു: 'എന്റെ കണ്ടുപിടിത്തം ശംഖലിപിയെ സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുന്നില്ല. എങ്കിലും, ശംഖലിപിയിലുള്ള ഒരു ലിഖിതത്തിനു സമ്പൂർണമായ ഒരു പ്രഥമ വ്യാഖ്യാനം അതു നൽകുന്നു. ഈ ലിപിയിലുള്ള ലിഖിതങ്ങൾ വ്യാഖ്യാനിക്കുന്നതിന് ഒരു ഉപായവും.'

1983 നവംബർ 13–ലെ 'സ്റ്റേററ്സ്മാൻ' പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനത്തോടു്, ഇതെഴുതുന്നതിൽ ഞാൻ കടപ്പെട്ടിരിക്കുന്നു.

(22 നവംബർ, 1983)